©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 മേയ് 29<br>29th May 2018<br>1193 ഇടവം 15<br>15th Idavam 1193<br>1940 ജ്യേഷ്ഠം 8<br>8th Jyaishta 1940 | നമ്പർ<br>No. **22** |

## PART III

### Notifications by Heads of Departments

# Agriculture Development and Farmers' Welfare Department

ദർഘാസ് പരസ്യം

നമ്പർ ടി.പി. (1)-3640/2018. 2018 മേയ് 11.

എറണാകുളം പ്രിൻസിപ്പൽ കൃഷി ആഫീസറുടെ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന പ്രവർത്തികൾ ചെയ്യുന്നതിനു വേണ്ടി നിശ്ചിത യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്നും സീൽ ചെയ്ത കവറുകളിൽ മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. 19-5-2017 പകൽ 2.30 മണിവരെ ടെണ്ടറുകൾ സ്വീകരിക്കുന്നതാണ്.

പ്രവൃത്തിയുടെ പേര്—എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നിർദ്ദേശപ്രകാരം കൃഷി വകുപ്പിന്റെ വിവിധ ഫാമുകളിലും തെരഞ്ഞെടുത്ത കൃഷിയിടങ്ങളിലും ഉൽപ്പാദിപ്പിക്കപ്പെട്ട തെങ്ങിൻ തൈകളും മറ്റു നടീൽ വസ്തുക്കളും, വിത്ത് തേങ്ങ, കാർഷിക പണിയായുധങ്ങൾ, മറ്റ് ഉൽപ്പാദ നോപാധികൾ, പ്രിൻസിപ്പൽ കൃഷി ഓഫീസർ നിർദ്ദേശിക്കുന്ന മറ്റ് സാധനങ്ങൾ തുടങ്ങിയവ എറണാകുളം ജില്ലയിലെ കൃഷി ഭവനുകളിലും നിശ്ചിത ഫാമുകളിലും പ്രിൻസിപ്പൽ കൃഷി ഓഫീസർ നിർദ്ദേശിക്കുന്ന മറ്റ് സ്ഥലങ്ങളിലും എത്തിച്ചു നൽകുക.

പ്രവൃത്തിയുടെ കാലഘട്ടം—1-6-2018 മുതൽ 31-5-2019 വരെ.

ഉദ്ദേശ തുക—` 1,50,000.

ടെണ്ടർ ഫോറത്തിന്റെ വില :

ഒറിജിനൽ—` 400 + 12 % ജി. എസ്. റ്റി.

ഡ്യൂപ്ലിക്കേറ്റ്—` 200 + 12 % ജി. എസ്. റ്റി.

ടെണ്ടർ ഫോറങ്ങൾ വിരണം ചെയ്യുന്ന അവസാന തീയതിയും സമയവും—31-5-2018 വ്യാഴം ഉച്ചയ്ക്ക് ഒരു മണി വരെ.

ടെണ്ടർ സ്വീകരിക്കുന്ന സ്ഥലവും അവസാന തീയതിയും സമയവും—പ്രിൻസിപ്പൽ കൃഷി ഓഫീസ്, എറണാകുളം, 31-5-2018 വ്യാഴാഴ്ച പകൽ 2.30 മണി വരെ.

നിരതദ്രവ്യം—` 3,800.

ടെണ്ടർ തുറക്കുന്ന സ്ഥലവും തീയതിയും സമയവും—പ്രിൻസിപ്പൽ കൃഷി ഓഫീസ്, എറണാകുളം, 31-5-2018 വ്യാഴാഴ്ച പകൽ 3 മണി.

(നിശ്ചിത ദിവസം അവധിയായാൽ തൊട്ടടുത്ത പ്രവർത്തി ദിവസം അതേസമയത്തും സ്ഥലത്തും ടെണ്ടർ നടപടികൾ നടത്തുന്നതായിരിക്കും.)

Gaz. No. 22/2018/DTP (Agriculture).

നിരതദ്രവ്യം എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസർ പേർക്ക് എസ്. ബി. റ്റി., കാക്കനാട് ബ്രാഞ്ചിൽ മാറാവുന്ന വിധം ഡ്രാഫ്റ്റായി ടെണ്ടർ ഫോറത്തോടൊപ്പം ഹാജരാക്കേണ്ടതാണ്. ദർഘാസും അനുബന്ധ രേഖകളും ഈ ആഫീസിൽനിന്നും 31-5-2018 വ്യാഴാഴ്ച ഉച്ചയ്ക്ക് 1 മണിവരെ ലഭിക്കുന്നതാണ്.

നിബന്ധനകൾ

1. ഒരു ലോറിയിൽ ഒരു സമയം കയറ്റേണ്ട സാധനങ്ങളുടെ കുറഞ്ഞ അളവ് താഴെ കൊടുക്കുന്നു.

   (എ) തെങ്ങിൻ തൈകളുടെ എണ്ണം—30000

   (ബി) പ്ലാസ്റ്റിക് കവറിലുള്ള മറ്റുതൈകൾ (ഗ്രാമ്പു, ജാതി, മറ്റുള്ളവ)—2000 കവർ (ഒരു നിര)

   (സി) കുരുമുളക് വള്ളികൾ—2000 കവർ (ഒരു നിരയിൽ 6000 വള്ളികൾ)

   (ഡി) വിത്ത് തേങ്ങ— 4500 എണ്ണം

   (ഇ) നെല്ല്, പയർ വിത്തുകൾ—5 ടൺ

   (എഫ്) വാഴ വിത്തുകൾ—5 ടൺ

   (ജി) ഗ്രോബാഗുകൾ— 300 എണ്ണം ഒരു നിരയിൽ

2. ഒരു ലോറിയിൽ കുറഞ്ഞത് 2000 കവർ കയറ്റിയിറക്കണം. ആവശ്യം വന്നാൽ പ്ലാറ്റ്ഫോം ഇട്ട് ഇത്രയും കവർ കയറ്റിയിറക്കണം. അതിനാവശ്യമായ വലിപ്പമുള്ള ലോറി ഉപയോഗിക്കണം.

   വാഹനങ്ങൾ ടെണ്ടർ പ്രകാരമുള്ള ലോഡോടുകൂടി ഓടുന്നതിന് ആവശ്യമായ നിരക്ക് ഒരു കിലോമീറ്ററിന് എന്ന കണക്കിൽ ദർഘാസുകളിൽ വ്യക്തമായി എഴുതിയിരിക്കണം. ലോഡോടുകൂടിയല്ലാത്ത ഓട്ടത്തിന്, വെയിറ്റിംഗ് ചാർജ്ജ് നൽകുന്നതല്ല. ഏറ്റവും ദൂരം കുറഞ്ഞ മാർഗ്ഗങ്ങളിലൂടെ മാത്രം സാധനങ്ങൾ എത്തിക്കേണ്ടതാണ്.

3. ടെണ്ടർ ഉറപ്പിച്ചതായി അറിയിപ്പ് കിട്ടിയാൽ 15 ദിവസത്തിനുള്ളിൽ കരാറുകാരൻ നിലവിലുള്ള നിയമം അനുസരിച്ച് ` 200-ന്റെ മുദ്രപ്പത്രത്തിൽ തയ്യാറാക്കിയ ഉടമ്പടിയും സെക്യൂരിറ്റി ഡെപ്പോസിറ്റായി എറണാകുളം പ്രിൻസിപ്പൽ കൃഷി ആഫീസറുടെ പേരിൽ കാക്കനാട് എസ്. ബി. റ്റി.-യിൽ മാറത്തക്കവിധമുള്ള ` 8,000-ന്റെ ഡി ഡിയും സമർപ്പിച്ചിരിക്കണം.

4. ദർഘാസ് ഫോറങ്ങൾ ഒരു കാരണവശാലും കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല.

5. ട്രാൻസ്പോർട്ടിംഗിൽ നടീൽ വസ്തുക്കൾക്കോ മറ്റു സാധനങ്ങൾക്കോ നാശം സംഭവിക്കുകയോ ഏതെങ്കിലും തരത്തിൽ ഗുണമേൻമ നഷ്ടപ്പെടുകയോ ചെയ്താൽ ആയതിന്റെ നിയമാനുസൃത വിലയുടെ മൂന്നിരട്ടി വില കോൺട്രാക്ടറിൽ നിന്നും ഈടാക്കുന്നതാണ്.

6. കേരള സംസ്ഥാനത്തിനുള്ളിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ ആവശ്യപ്പെടുന്ന സാധനങ്ങൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കൊണ്ടുവരികയോ കൊണ്ടു പോകുകയോ ചെയ്യേണ്ടതാണ്.

7. പ്രിൻസിപ്പൽ കൃഷി ആഫീസർ നിയോഗിക്കുന്ന ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന വിധത്തിൽ വസ്തുക്കൾ ട്രാൻസ്പോർട്ട് ചെയ്യേണ്ടതും ഏറ്റവും ദൂരം കുറഞ്ഞ മാർഗ്ഗേണ ട്രാൻസ്പോർട്ടിംഗ് നടത്തേണ്ടതുമാണ്.

8. ട്രാൻസ്പോർട്ടിംഗ് ബില്ലിൽ ഒപ്പം ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥന്റെ ഒപ്പും ഏറ്റവും ദൂരം കുറഞ്ഞ മാർഗ്ഗത്തിലൂടെയാണ് നടീൽ വസ്തുക്കൾ ട്രാൻസ്പോർട്ട് ചെയ്തത് എന്ന സാക്ഷ്യപത്രവും നൽകേണ്ടതാണ്. നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ ശുപാർശ ചെയ്യുന്ന ദൂരം കണക്കാക്കി അർഹമായ തുക മാറി നൽകുന്നതായിരിക്കും.

9. ട്രാൻസ്പോർട്ടിംഗ് പ്രവൃത്തിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്കും അതുമൂലമുള്ള നാശനഷ്ടങ്ങൾക്കും കരാറുകാരൻ പൂർണ്ണമായും ഉത്തരവാദിയായിരിക്കും.

10. കുറഞ്ഞ ഭാരത്തിലും സാധനങ്ങളുടെ കുറഞ്ഞ എണ്ണത്തിലും പോകേണ്ടിവരുന്ന ട്രിപ്പുകളിൽ നിരക്കുകളിൽ ആവശ്യമായ നീക്കുപോക്കുകൾ/ കുറവുകൾ വരുത്തുവാൻ പ്രിൻസിപ്പൽ കൃഷി ആഫീസർക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കും.

11. കരാറുകാരിൽ നിന്നും അതാതു കാലങ്ങളിൽ നിലവിലുള്ള നിരക്കിലുള്ള ആദായനികുതി ഈടാക്കുന്നതാണ്.

12. ട്രാൻസ്പോർട്ടിംഗിൽ സർക്കാരിന് ഏതെങ്കിലും വിധത്തിൽ നഷ്ടം ഉണ്ടെങ്കിൽ ആയത് പിഴയോടുകൂടി കരാർ തുകയിൽ നിന്നും കുറയ്ക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ആഫീസ് പ്രവൃത്തി ദിവസങ്ങളിൽ ഈ ആഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

13. ഒരേ സമയം കൂടുതൽ വാഹനങ്ങൾ ആവശ്യമായി വരുന്ന സാഹചര്യത്തിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

14. വ്യവസ്ഥകൾക്ക് വിരുദ്ധമായി ലോറി കോൺട്രാക്ടർ പ്രവർത്തിക്കുകയോ നിശ്ചിത പരിധിക്കുള്ളിൽ നടീൽ വസ്തുക്കളുടെ വിതരണം പൂർത്തിയാക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം കോൺട്രാക്റ്റ് റദ്ദാക്കുന്നതിനുള്ള അധികാരം പ്രിൻസിപ്പൽ കൃഷി ആഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്. മാത്രമല്ല ആയതുമൂലം ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും പൂർണ്ണ ഉത്തരവാദിത്വം കോൺട്രാക്ടർക്ക് മാത്രമായിരിക്കുന്നതാണ്. ടി നഷ്ടം റവന്യൂ റിക്കവറി അടക്കമുള്ള നിയമാനുസൃത മാർഗ്ഗത്തിലൂടെ ഈടാക്കുന്നതാണ്.

15. എല്ലാ സർക്കാർ ലേല/ടെണ്ടർ വ്യവസ്ഥകളും ഈ ടെണ്ടറിനും ബാധകമായിരിക്കും.

16. ഏതൊരു ടെണ്ടറും യാതൊരുവിധ കാരണവും കാണിക്കാതെ നിരസിക്കാനുള്ള അധികാരം എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

(ഒപ്പ്)

പ്രിൻസിപ്പൽ കൃഷി ഓഫീസ്,
എറണാകുളം.

പ്രിൻസിപ്പൽ കൃഷി
ഓഫീസർ.